**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 97** — **27-06-2022 - ൽ മറുപടിയ്ക്ക്**

**വട്ടോളി പാതിരിപ്പറ്റയിലെ ലിതാരയുടെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ബീഹാറിലെ ധനാപ്പൂർ ഡിവിഷണൽ റെയിൽവേ മാനേജർ ഓഫീസിൽ (ഫൈനാൻസ് ഡിപ്പാർട്ട്മെന്റ്) ക്ലാർക്ക് ആയി ജോലിചെയ്തുവന്നതും മികച്ച ബാസ്കറ്റ്ബോൾ പ്ലേയറുമായ ലിതാര കെ.സി. ബീഹാറിൽ വെച്ച് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ മരണവുമായി ബന്ധപ്പെട്ട നടക്കുന്ന അന്വേഷണം ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ; | (ബി) | ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തു വന്നിരുന്ന ബാസ്കറ്റ് ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr.No.185/22 u/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായി പോലീസ് മേധാവിയ്ക്ക് അറിവ് ലഭിച്ചിട്ടുണ്ട്. |
| (സി) | സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ലിതാരയുടെ കുടുംബത്തിന് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ? | (സി) | വിഷയത്തിൽ ബീഹാർ സർക്കാരുമായി ബന്ധപ്പെടുകയും ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെടുകയും ഉണ്ടായി. രാസപരിശോധനകളുടെ അടിസ്ഥാനത്തിൽ അന്വേഷണം പുരോഗമിച്ച് വരുന്നുവെന്ന് ബീഹാർ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട് .ബീഹാർ പോലീസ് നീതിയുക്തമായ രീതിയിൽ കേസന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനു മുൻപിൽ കൊണ്ടുവരുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ